മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.
(ബി) യും (സി) യും) ഉദിക്കുന്നില്ല.

ക്രൈം രജിസ്റ്റർ

*൨൮൬. (൩൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഫസ്ലി ൧൨൨൭ ആഗസ്റ്റ് അവസാനംവരെ എത്ര ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇത് ഫസ്ലി ൧൨൨൬-ലെക്കാൾ കൂടുതലാണോ? അങ്ങനെങ്കിൽ എത്ര ശതമാനം; കൂടാനുള്ള കാരണം എന്താണ്;

(സി) മദ്യനിരോധനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ അതിനു മുമ്പിലത്തെ കൊല്ലങ്ങളെ അപേക്ഷിച്ച് ക്രൈം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ഡി) ഫസ്ലി ൧൨൨൭ ജനുവരി–ജൂൺ അവസാനംവരെ തിരുവിതാംകൂർ–കൊച്ചിയിൽ ഉണ്ടായിട്ടുള്ള ക്രിമിനൽ കേസുകളിൽ എത്രശതമാനം കേസുകൾ മദ്യപാനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണെന്നു പറയാമോ?

Chief Minister (**Sri. C. Kesavan**): The answer is not ready.

CONTRACTS FOR FABRICATION OF STEEL AND IRON

*286. [33] **Sri. Philipose Muthalaly**: Will the hon. Minister for Electricity be pleased to state.—

(*a*) the number of contracts for fabrication of steel and iron sections, entered into by the Executive Engineer, Central Division Electrical, Pallom, during the year 1948;

(*b*) number and names of contractors whose amount is Rs. 3,000 and above;

(*c*) the period contracts specified in the agreement in each of the cases under (*b*) above;

(*d*) the time actually taken for each contract under (*b*) and (*c*) above;

(*e*) whether any penalty has been imposed on any or all of the contracts under (*b*) above with reasons if any for discrimination;

(*f*) whether any memorial has been received by Government from any such contractor praying for reviewing the action of Executive Engineer, Pallom, regarding imposition of penalty; and

(*g*) if any received, the date of receipt and the action taken by Government on the same?

Minister for Public Works (**Sri. G. Chandrasekhara Pillai**):

(*a*) Six.

(*b*) Two.

(*c*) (1) Sri. George Thomas—Period of contract specified in the agreement at the time of execution—4 months, i. e., from 25th June 1948 to 25th October 1948. This was extended up to 15th January 1949.

(2) Sri. K. K. Abraham—Period of contract specified in the agreement at the time of execution—4 months, i. e., from 18th Kanni 1124 to 18th Makaram 1124. This was extended up to 14th Chingam 1125/1st September 1949.

(d) (1) Sri. George Thomas completed the work in all respects on 7th June 1949.

LIBRARY ARCHIVES Kerala Legislative Assembly

(2) Sri. K. K. Abraham completed the work in all respects on 14th Chingam 1125/1st September 1949.

(e) Penalty has been imposed on the contract awarded to Sri. George Thomas and this was done as per the terms and conditions of the agreement. There was no clause in the agreement for imposing penalty on the other contractor. The penalty clause was incorporated in the case of the first contract in view of the extra urgency for these materials at that time.

(f) Yes.

(g) 14th November 1949. The report of the Chief Engineer (Electricity) has been obtained and Government are considering on the basis of the facts furnished by the Chief Engineer (Electricity) whether the penalty imposed on the contractor can be waived or not.

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറിലെ നിയമനം

* ൨൫൭ ൭. (൯൪) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ വകുപ്പിൻെറ ചാർജ്ജ് വഹിക്കുന്ന മന്ത്രി ദയം മറുപടി പറയുമോ.—

(എ) ഗവൺമെൻറ ഓർഡർ D. Dis. No. 788/49/Home, dated ൨൨—൯—൧൯൪൯-ൽ ഒരാളെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാർക്കായി നിയമിക്കുവാൻ സബ്ബീസുകമ്മീഷനു ഗവൺമെൻറിൽനിന്നും ഓർഡർ കൊടുത്തിട്ടുണ്ടോ;

(ബി) ഈ ആളെ ഇതിനകം നിയമിച്ചോ ഇല്ലെങ്കിൽ നിയമിക്കാതിരിക്കുവാനുള്ള കാരണം എന്തു;

(സി) ഈ തീയതിക്കുശേഷം (ഓർഡറിനുശേഷം) എത്രപേരെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാർക്കന്മാരായി നിയമിച്ചിട്ടുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഒരാളെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാർക്കായി നിയമിക്കണമെന്നു പബ്ലിക്കു സബ്ബീസു കമ്മീഷനെ അറിയിച്ചിട്ടുണ്ടു.

(ബി) ഇതുവരെ നിയമിച്ചിട്ടില്ല. ഈ സ്ഥാനാർത്ഥി വി. എസ്സ്. എൽ. സി. മാത്രമേ പാസ്സായിട്ടുള്ളു. ആ സ്ഥിതിക്കു മലയാളം ക്ലാർക്കായി നിയമിക്കാനേ നിവൃത്തിയുള്ളു. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും അഞ്ചു മലയാളം ക്ലാർക്കന്മാരുടെ ഒഴിവു പബ്ലിക്കു സബ്ബീസു കമ്മീഷനു റെഫർ ചെയ്തിട്ടുണ്ടു. ൧൯—൪—൧൯൪൯-ലും ൭—൬—൧൯൪൯-ലും ഈ അഞ്ചു ഒഴിവുകളിലേക്കും റിക്രൂട്ടുമെൻറ നടത്തിയിട്ടുണ്ടു. ഈ സ്ഥാനാർത്ഥി ൧൨—൪—൧൯൪൯-ലും ൨൪—൧൦—൧൯൪൯-നുമിടക്കു തന്നെ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതെന്നു പബ്ലിക്കു സബ്ബീസു കമ്മീഷനെ അറിയിച്ചിരുന്നു. ൨൭—൬—൧൯൪൯-നുശേഷം മലയാളം ക്ലാർക്കന്മാരായി ആരേയും നിയമിച്ചിട്ടില്ല.

(സി) ആ മലയാളം ക്ലാർക്കന്മാരെ നിയമിച്ചിട്ടുണ്ടു.

ശ്രീ. കെ. ആർ. ഇലങ്കത്തു: എ-യുടെ വെളിച്ചത്തിൽ ഈ യോഗ്യതയില്ലെന്നറിഞ്ഞതിനു ശേഷമാണോ പബ്ലിക്കു സബ്ബീസു കമ്മീഷൻ നിയമിക്കാതിരുന്നതു?

ശ്രീ. എൽ. എം. പൈലി: ഈ പറഞ്ഞ തീയതിക്കുള്ളിൽ തന്നെ നിയമിക്കുന്നതെന്നു ആ സ്ഥാനാർത്ഥി പബ്ലിക്കു സബ്ബീസു കമ്മീഷനെ അറിയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly